ആളുകൾ ദിവസേന നെയ്യാർ റിസർവ്വോയറിലൂടെ യാത്ര ചെയ്യുന്നത് സ്വന്തമായി കെട്ടിയുണ്ടാക്കിയ ചങ്ങാടങ്ങൾ ഉപയോഗിച്ചാണ്. കാലവർഷം ആരംഭിച്ചാൽ യാത്ര വളരെ അപകടം പിടിച്ചതാണ്. കഴിഞ്ഞ കാലങ്ങളിൽ സ്കൂൾ കുട്ടികൾക്ക് മരണം വരെ സംഭവിച്ചിട്ടുണ്ട്. ദീർഘനാളായുള്ള ആദിവാസികളുടെ ആവശ്യമാണ് ഈ ചങ്ങാടക്കടവ് പാലം നിർമ്മാണം. ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് മണ്ണ് പരിശോധനയും മറ്റ പ്രാഥമിക നടപടികളും പൂർത്തിയാക്കി 12 കോടി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും ബ്രിഡ്ജസ് ചീഫ് എഞ്ചിനീയർ മാസങ്ങൾക്കുമുമ്പ് സമർപ്പി ച്ചിരിക്കുകയാണ്. 8-3-2012-ൽ ഈ വിഷയം ഞാൻ ഈ സഭയിൽ ഉന്നയിച്ചിരുന്നു. വീണ്ടും ഒരു ദുരന്തം ഉണ്ടാകുന്നതിനുമുമ്പ് ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ചങ്ങാടക്കടവ് പാലം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാറശ്ശാല നിയോജക മണ്ഡലത്തിൽ കരിപ്പയാറിന് കുറുകെ ചങ്ങാടക്കടവിൽ പാലം നിർമ്മിക്കുന്നതിന് ആർ.ഐ.ഡി.എഫ്.-18-ൽ ഉൾക്കൊള്ളിച്ചുകൊണ്ട് ഭരണാനുമതി ലഭിക്കുന്നതിന് 890 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ആർ.ഐ.ഡി.എഫ്.-18-ൽ പൊതുമരാമത്ത് വകുപ്പിനുള്ള സെക്ടർ അലോക്കേഷനിലെ തുക പരിമിതമായതിനാൽ ഇത് പരിഗണിക്കാൻ സാധിച്ചില്ല. 2014-15-ൽ ആർ.ഐ.ഡി.എഫ്.-20-ൽ മതിയായ സെക്ടർ അലോക്കേഷൻ തുക പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ഈ പാലം പണി നബാർഡ് ധനസഹായത്തോടെ ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്.

(38) റോഡുകളുടെ അറ്റകുറ്റപ്പണികൾ

ഡോ. കെ. ടി. ജലീൽ: സർ, സാങ്കേതികമായി എന്റെ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഒരു കാര്യമാണെങ്കിലും സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും നിലനിൽക്കുന്ന ഒരു വിഷയവും കൂടിയാണിത്. റിലയൻസ് ഉൾപ്പെടെയുള്ള സ്വകാര്യ കമ്പനികളുടെ കേബിൾ പി.ഡബ്ല്യു.ഡി. റോഡുകളിലും റബ്ബറൈസ്ഡ് റോഡുകളിലുമിട്ട് റോഡുകൾ മുഴുവൻ തകരാറുകളിലാകുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ആളുകൾ ഇതിനോട് പ്രതിഷേധിക്കാത്തത് സർക്കാർ കമ്പനികളുടേയോ സർക്കാർ സംവിധാനങ്ങളുടെയോ കേബിളുകളാണ് ഇത് എന്ന് തെറ്റിദ്ധരിച്ചിട്ടാണ്. സ്വകാര്യ കമ്പനികൾ റോഡ് വെട്ടിപ്പൊളിക്കുമ്പോൾ അത് നന്നാക്കാനുള്ള പണം അവർതന്നെ സംസ്ഥാന പി.ഡബ്ല്യു.ഡി. ഡിപ്പാർട്ട്മെന്റിൽ കെട്ടിവയ്ക്കുന്നുണ്ടെന്നാണ് പറയുന്നത്. എന്നാൽ നമ്മുടെ റബ്ബറൈസ്ഡ് റോഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

കുഴിച്ച് കേബിൾ ഇടുന്നതിനെത്തുടർന്ന് കേടുപാടുകൾ വരുന്ന റോഡുകൾ നന്നാക്കാൻ അവർ കെട്ടിവയ്ക്കുന്ന നാമമാത്ര സംഖ്യയേക്കാൾ എത്രയോ ഇരട്ടിയാണ് ഇവ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ചെലവ് വരുന്നത്. കേബിളുകൾ സ്ഥാപിക്കുമ്പോൾ റോഡുകളുടെ അറ്റകുറ്റപണികൾക്ക് കേബിളിട്ട ഉടനെ പണം അനുവദിക്കുന്നതിനും ബന്ധപ്പെട്ട റോഡുകൾ നേരെയാക്കുന്നതിനും പി.ഡബ്ല്യു.ഡി.യും വകുപ്പുമന്ത്രിയും തയ്യാറാകണം. എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ചമ്രവട്ടം, പുറത്തൂർ, ആലത്തൂർ പള്ളിക്കടവ് റോഡുകളിൽ സ്വകാര്യ കമ്പനികളുടെ കേബിൾ സ്ഥാപിച്ച് റോഡുകൾ മുഴുവൻ ഗതാഗത യോഗ്യമല്ലാതായിരിക്കുകയാണ്. ഈ റോഡുകൾ മുഴുവൻ അറ്റകുറ്റപണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ കേബിളുകൾ ഇടുന്ന കാര്യത്തിൽ ഗവൺമെന്റ് അത്ര വലിയ താൽപ്പര്യം കാണിച്ചിരുന്നില്ല. പക്ഷേ 4 ജി പോലുള്ള അത്യന്താധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് കേരളത്തെ തടയുമെന്ന് പലരും ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് അത്തരത്തിലുള്ള കേബിളുകൾ ഇടുന്നതിന് പിന്നീട് അനുവാദം കൊടുത്തത്. അനുവാദം കൊടുത്തപ്പോൾതന്നെ അതിന്റെ കേബിളുകൾ സ്ഥാപിച്ചാലുടൻ restoration ജോലികൾ നടത്തണമെന്നും അതിനുള്ള സംവിധാനം ചെയ്യണമെന്നും പ്രത്യേകം പറഞ്ഞിരുന്നു. ഏതായാലും തവനൂർ മണ്ഡലത്തിലെ തിരുർ, ചമ്രവട്ടം, ആലത്തിയൂർ, മംഗലം, കൂട്ടായിക്കടവ്, പള്ളിക്കടവ്, ടിപ്പുസുൽത്താൽ, പുറത്തൂർ തുടങ്ങിയ റോഡുകളിൽ കുഴിയെടുത്തതിന്റെ restoration ശരിയായ രീതിയിൽ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(39) ഗട്ടറിൽ വീണ് മരണം

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഇന്നലെ രാവിലെ എന്റെ മണ്ഡലത്തിലെ മല്ലപ്പള്ളിയിൽ വച്ച് പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്കുണ്ടായ ഗട്ടറിൽ വീണ് ഒരു വീട്ടമ്മ മരിക്കാനിടയായ സംഭവമാണ് സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. പി.ഡബ്ല്യു.ഡി. റോഡിന്റെ നടുക്ക് രൂപപ്പെട്ട ഗട്ടറിൽ വീണ് 38 വയസ്സുള്ള ബീനാ ഷാജി എന്ന വീട്ടമ്മ മരിക്കാനിടയായി. റോഡിന് നടുവിൽ ഈ കുഴി രൂപപ്പെട്ടിട്ട് കുറച്ചുദിവസങ്ങളായി. അത് മൂടണമെന്ന് അധികാരികളുടെ മുമ്പിൽ പലയാളുകളും ശ്രദ്ധയിൽപ്പെടുത്തിയിട്ടും അനക്കമുണ്ടായില്ല എന്ന് നാട്ടുകാർക്കിടയിൽ പ്രതിഷേധമുണ്ട്. പ്ലസ് വൺ-ന് പ്രവേശനം ലഭിച്ച കുട്ടിയെ സ്കൂളിൽ കൊണ്ടുചെന്നാക്കി സന്തോഷത്തോടെ മടങ്ങുമ്പോഴാണ് സ്കൂട്ടർ യാത്രികയായ വീട്ടമ്മ ഇന്നലെ വീണത്. തലയിൽ

LIBRARY ARCHIVES Kerala Legislative Assembly